(ഡി) ഉത്തരവ് പിൻവലിച്ചില്ലെങ്കിൽ എന്നത്തേയ്ക്ക് ഇതിന് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വികസന പ്രവർത്തനങ്ങളെ മരവിപ്പിച്ചുകൊണ്ട് സർക്കാർ പഞ്ചായത്തിന് ഉത്തരവ് ഒന്നും നൽകിയിട്ടില്ല. എന്നാൽ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഗുരുതരമായ ക്രമക്കേടുകൾ പഞ്ചായത്ത് നടത്തിയതായി മലപ്പുറം ഡി.ഡി.പി റിപ്പോർട്ടു ചെയ്തതിനാൽ സ്പിൽ ഓവർ പ്രവൃത്തികൾ ഒഴികെയുള്ള പദ്ധതി നിർവ്വഹണം താല്ക്കാലികമായി തടഞ്ഞുവെച്ചിട്ടുണ്ട്. ആയത് പിൻവലിച്ചിട്ടില്ല.

(ബി) ഈ വിഷയം സംബന്ധിച്ച വിശദമായ അന്വേഷണം നടത്തിവരികയാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേ ഉത്തരവിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വെള്ളയമ്പലം-തൈക്കാട് റോഡിന്റെ പണി

95 (1456) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരാസൂത്രണത്തിന്റെ ഭാഗമായി വികസിപ്പിക്കുന്ന 'വെള്ളയമ്പലം-തൈക്കാട്' റോഡിന്റെ പണി പുരോഗമിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ലക്ഷ്യമിട്ടിരിക്കുന്ന സമയത്തുതന്നെ പണി പൂർത്തിയാക്കി ഗതാഗതത്തിന് ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് അവസാനിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) റോഡിന്റെ ഒന്നാം ഘട്ടം വികസനത്തിനാവശ്യമായ സ്ഥലം വിട്ടുകിട്ടുകയും റോഡ് നിർമ്മാണം പുരോഗമിച്ച് വരികയുമാണ്.

(ബി) രണ്ടാം ഘട്ട വികസന പരിപാടികൾ അടുത്ത ആറു മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്നാണു പ്രതീക്ഷിക്കുന്നത്.

(സി) സമയബന്ധിതമായി റോഡ് വികസനം പൂർത്തിയാക്കുന്നതിനും ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതിനും ഉള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് പദ്ധതിയെക്കുറിച്ചുള്ള അവലോകന യോഗങ്ങൾ വികസന അതോറിറ്റി തലത്തിലും, സർക്കാർ തലത്തിലും നടത്താറുണ്ട്. റോഡ് പണിക്കാവശ്യമുള്ള പണം പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly